## ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:13.07.2026**

## പ്രധാനവാർത്തകൾ

1. രാജ്യത്തെ മൊത്തം കയറ്റുമതിയിൽ വളർച്ച രേഖപ്പെടുത്തിയതായി കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം. മൂന്ന് മാസത്തിൽ കൈവരിച്ചത് 11.37 ശതമാനം വളർച്ച.
2. വിയറ്റ്നാം ബോട്ടപകടത്തിൽ മരിച്ച മലയാളികൾ അടക്കമുള്ള 15 ഇന്ത്യക്കാരുടെ മൃതദേഹങ്ങൾ ഇന്ന് മുംബൈയിലെത്തിക്കും.
3. സംസ്ഥാനത്തെ സ്വകാര്യ ബസുകളുടെ പ്രതിസന്ധി പരിഹരിക്കാൻ ട്രാൻസ്പോർട് നയം രൂപീകരിക്കുമെന്ന് മന്ത്രി സി.പി. ജോൺ.
4. വൈദ്യുതി ഉത്പാദന- വിതരണ- പ്രസരണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മണ്ഡലാടിസ്ഥാനത്തിൽ സമിതികൾ രൂപീകരിക്കുമെന്ന് മന്ത്രി സണ്ണി ജോസഫ്
5. പിഎസ്‌സി പരീക്ഷാക്രമക്കേടിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ക്രൈംബ്രാഞ്ച് അന്വേഷണത്തെ സ്വാഗതം ചെയ്യുന്നതായി കേരള പബ്ലിക് സർവീസ് കമ്മീഷൻ

RNU TVPM

6. ഇംഗ്ലണ്ടിനെതിരെ വനിതാ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്ക് 270 റണ്ണിന്റെ തകർപ്പൻ ജയം. ലോർഡ്സിൽ ആദ്യമായി ടെസ്റ്റ് വിജയം നേടുന്ന വനിതാ ടീമെന്ന നേട്ടം സ്വന്തമാക്കി ഇന്ത്യ

## വാണിജ്യ വ്യവസായ മന്ത്രാലയം

രാജ്യത്തെ മൊത്തം കയറ്റുമതിയിൽ വളർച്ച രേഖപ്പടുത്തിയതായി കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം. ഈ വർഷം ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ മൊത്തം കയറ്റുമതി 232 ബില്യൺ യുഎസ് ഡോളറിലധികമാണെന്ന് റിപ്പോർട്ട്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ കാലയളവിൽ 11.37 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്.

## വിയറ്റ്നാം ബോട്ടപകടം

വിയറ്റ്നാം ബോട്ടപകടത്തിൽ മരിച്ച മലയാളികൾ അടക്കമുള്ള 15 ഇന്ത്യക്കാരുടെ മൃതദേഹങ്ങൾ ഇന്ന് മുംബൈയിലെത്തിക്കും. ഹോ ചി മിൻ സിറ്റിയിൽ നിന്ന് പുറപ്പെടുന്ന വിമാനം, ഇന്ത്യൻ സമയം രാത്രി 9:35-ന് മുംബൈ വിമാനത്താവളത്തിൽ എത്തിച്ചേരുമെന്ന് ഇന്ത്യൻ എംബസി അറിയിച്ചു. കൊട്ടാരക്കര സ്വദേശികളായ എ. സി തോമസ്, ഭാര്യ ലോവേനി തോമസ് എന്നിവരുടെ

RNU TVPM

മൃതദേഹങ്ങൾ നോർക്കയുടെ ഏകോപനത്തിൽ മുംബൈയിൽ നിന്ന് തിരുവനന്തപുരം വിമാനത്താവളത്തിലെത്തിച്ച ശേഷം കൊട്ടാരക്കരയിലെ വസതിയിലേക്ക് എത്തിക്കുമെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് നേരത്തെ അറിയിച്ചിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## സി പി ജോൺ (ഇൻട്രോ)

സംസ്ഥാനത്തെ സ്വകാര്യ ബസ് ഉടമകളുമായി ഗതാഗത മന്ത്രി C.P ജോൺ തിരുവനന്തപുരത്ത് ചർച്ച നടത്തി. KSRTC യുടെ പ്രിയദർശിനി സൗജന്യയാത്രാ പദ്ധതിയുൾപ്പെടെയുള്ള 12 വിവിധ അജണ്ടകളെ കുറിച്ചു വിശദമായ ചർച്ച നടത്തിയതായും പ്രശനങ്ങൾ പരിഹരിക്കുന്നതിനായി ട്രാൻസോപോർട് നയം ഉണ്ടാക്കുമെന്നും മന്ത്രി വാർത്ത സമ്മേളനത്തിൽ പറഞ്ഞു.

***(ഹോൾഡ് വോയിസ്)***

എന്നാൽ പ്രതിസന്ധികൾക് പരിഹാരം ആയിട്ടില്ലെന്നും സമിതിക്കു റിപ്പോർട്ട് സമര്പ്പിക്കാനുള്ള 6 ആഴ്ച സമയം പുനഃപരിശോധിക്കണമെന്നും ചർച്ചക്ക് ശേഷം സ്വകാര്യ ബസ് ഉടമകൾ പ്രതികരിച്ചു. ബസ് സർവീസ് നിർത്തിയിട്ടുള്ള സമരം തത്കാലമില്ലെന്നും മറ്റു കാര്യങ്ങൾ

RNU TVPM

സംഘടനകളുമായി കൂടിയാലോചിച്ച ശേഷം തീരുമാനിക്കുമെന്നും ബസ് ഉടമകൾ അറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## സണ്ണി ജോസഫ്

വൈദ്യുതി ഉത്പാദന- വിതരണ- പ്രസരണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മണ്ഡലാടിസ്ഥാനത്തിൽ സമിതികൾ രൂപീകരിക്കാൻ മന്ത്രി സണ്ണി ജോസഫ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. വൈദ്യുതി മേഖലയിലെ പ്രവർത്തനങ്ങൾ വിലയിരുത്താൻ പാലക്കാട് ചേർന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. തദ്ദേശ സ്ഥാപനതലത്തിലും സമിതികൾ രൂപീകരിക്കണമെന്നും മന്ത്രി നിർദേശം നൽകി.

❁❁❁❁❁❁❁❁❁❁❁❁❁

## മൻസുഖ് മാണ്ഡവ്യ

രാജ്യത്തുടനീളം ഏഴ് ഇ എസ് ഐ ആരോഗ്യരക്ഷാ പദ്ധതികൾക്ക് കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ നാളെ തെലങ്കാനയിൽ തുടക്കം കുറിക്കും. തമിഴ്നാട്, ആന്ധ്രാപ്രദേശ്, രാജസ്ഥാൻ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ ഇഎസ്ഐ ആശുപത്രികളിൽ 668 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കാണ്

RNUTVPM

അദ്ദേഹം തുടക്കം കുറിക്കുന്നത്. 53 ലക്ഷത്തിലധികം ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

## റവന്യൂമന്ത്രി അവലോകന യോഗം

ഭൂമിതരംമാറ്റം, ഡിജിറ്റൽ സർവ്വേ പരാതികൾ, പട്ടയ പ്രശ്നം എന്നിവയ്ക്ക് സമയബന്ധിതമായി പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമെന്ന് റവന്യൂമന്ത്രി എപി അനിൽകുമാർ. കാസർകോട് കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ റവന്യൂ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാകളക്ടർ അർജുൻ പാണ്ഡ്യൻ റിപ്പോർട്ട് അവതരിപ്പിച്ചു.

RNU TVPM

## കേരള പി എസ് സി

പിഎസ്സി പരീക്ഷാക്രമക്കേടിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ക്രൈംബ്രാഞ്ച് അന്വേഷണത്തെ സ്വാഗതം ചെയ്യുന്നതായി കേരള പബ്ലിക് സർവീസ് കമ്മീഷൻ . പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിരിക്കുന്ന ആരോപണങ്ങളുടെ നിജസ്ഥിതി അന്വേഷണത്തിലൂടെ പൊതുസമൂഹത്തിന് ബോധ്യമാകേണ്ടത് കമ്മീഷന്റെ കൂടി ആവശ്യകതയാണ് വാർത്താക്കുറിപ്പിൽ

അറിയിച്ചു. അന്വേഷണത്തിന് ആവശ്യമായ രേഖകൾ നിയമാനുസൃതമായി ആവശ്യപ്പെടുന്ന പക്ഷം കൈമാറുമെന്നും പിഎസ്‌സി അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**നെന്മാറ ഇരട്ടക്കൊല**

പാലക്കാട്, നെന്മാറ ഇരട്ടക്കൊലക്കേസിൽ പ്രതി പോത്തുണ്ടി തിരുത്തംപാടം ചെന്താമര കുറ്റക്കാരനെന്ന് പാലക്കാട് അഡിഷണൽ സെഷൻസ് കോടതി. ജില്ലാ അഡീഷണൽ ജഡ്ജി കെന്നത്ത് ജോർജാണ് വിധി പ്രസ്താവിച്ചത്. ശിക്ഷാവിധി മറ്റന്നാൾ പ്രഖ്യാപിക്കും. 2025 ജനുവരി 27 ന് തിരുത്തംപാടത്തെ സുധാകരൻ അമ്മ ലക്ഷ്മി എന്നിവരെ കൊലപ്പെടുത്തിയതാണ് കേസ്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**വൈദ്യുതി നിയന്ത്രണം**

ഇന്നു വൈകിട്ട് ഏഴു മണി മുതൽ സംസ്ഥാനത്ത് വൈദ്യുത നിയന്ത്രണം ഏർപ്പെടുത്തിയേക്കുമെന്ന് കെഎസ്ഇബി അറിയിച്ചു. പവർ എക്സ്ചേഞ്ച് വഴി ആവശ്യമായ വൈദ്യുതി ലഭ്യമാകാത്ത സാഹചര്യത്തിലാവും നിയന്ത്രണം ഏർപ്പെടുത്തുകയെന്നും കെഎസ്ഇബി വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

**പാലക്കാട്(ഇൻട്രോ)**

വൃക്കരോഗ ബാധിതർക്ക് 'ജീവധാര' ചികിത്സാ സഹായ പദ്ധതിയുമായി പാലക്കാട് നഗരസഭ. വീട്ടിൽ ഡയാലിസിസ് സാധ്യമാക്കുന്ന പെരിറ്റോണിയിൽ ഡയാലിസിസ് സംവിധാനം ഏർപ്പെടുത്തുന്നത് ഉൾപ്പടെയുള്ള പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുക..

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാപ്രതിനിധി ഫൈസൽ അലിമുത്ത്.......***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**മണ്ണിടിച്ചിൽ മുന്നറിയിപ്പ്- കണ്ണൂർ**

RNU TVPM

സംസ്ഥാനത്ത് ആദ്യമായി മണ്ണിടിച്ചിൽ സാധ്യത കണ്ടെത്തി മുന്നറിയിപ്പ് നൽകാനുള്ള സംവിധാനം കണ്ണൂരിൽ ആരംഭിക്കുന്നു. കണിച്ചാർ ഗ്രാമപഞ്ചായത്തിലെ മാടശ്ശേരി മലയിലാണ് പുതിയ സംവിധാനം ഒരുങ്ങുന്നത്. മണ്ണിന്റെ ഘടന, മഴയുടെ അളവ്, ഭൂമിശാസ്ത്രപരമായ മറ്റ് പ്രത്യേകതകൾ എന്നീ വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്ത് മണ്ണിടിച്ചിൽ സാധ്യതയുണ്ടോ എന്ന് മുന്നറിയിപ്പ് നൽകുന്ന സംവിധാനമാണിത്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, ഐ.ഐ.ടി റൂർക്കി, കെ-ഡിസ്ക് എന്നിവയുടെ നേതൃത്വത്തിലാണ് രണ്ട്

കോടി രൂപയോളം ചെലവഴിച്ചുള്ള സംവിധാനം ആരംഭിക്കുന്നത്.

## ഇടുക്കി(ഇൻട്രോ)

കാർഷിക-വിനോദസഞ്ചാര കേന്ദ്രങ്ങളായ കാന്തല്ലൂരിനെയും വട്ടവടയെയും ബന്ധിപ്പിക്കുന്ന വനപാത തുറന്നുകൊടുക്കുന്നതിന്റെ സാധ്യതകൾ ഇടുക്കി ജില്ലാ ഭരണകൂടം പരിശോധിക്കുന്നു. ആനമുടിച്ചോല ദേശീയോദ്യാനത്തിലൂടെ കടന്നുപോകുന്ന കാന്തല്ലൂർ–എസ്.പി. പുരം പാത തുറന്നാൽ നിലവിൽ മണിക്കൂറുകൾ ദൈർഘ്യമുള്ള കാന്തല്ലൂർ - വട്ടവട യാത്ര മിനിറ്റുകളായി ചുരുങ്ങും.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാപ്രതിനിധി രതീഷ് കൃഷ്ണ........***

***(വോയിസ്)***

RNU TVPM

## വനിതാ ക്രിക്കറ്റ് ടെസ്റ്റ്

ലോർഡ്സിൽ നടന്ന വനിതാ ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യക്ക് 270 റണ്ണിന്റെ തകർപ്പൻ ജയം. ഒന്നാം ഇന്നിംഗ്സ് ലീഡുൾപ്പെടെ ഇന്ത്യ ഉയർത്തിയ 457 റൺ വിജയലക്ഷ്യം പിന്തുടർന്ന ഇംഗ്ലണ്ടിന്റെ ഇന്നിംഗ്സ്

186ന് അവസാനിച്ചു. ഇതോടെ ലോർഡ്സിൽ ആദ്യമായി ടെസ്റ്റ് വിജയം സ്വന്തമാക്കുന്ന വനിതാ ടീമെന്ന നേട്ടവും ഇന്ത്യ സ്വന്തമാക്കി. രണ്ടാം ഇന്നിംഗ്സിൽ 113 റൺസ് നേടിയതിലൂടെ ലോർഡ്്സിൽ ആദ്യമായി സെഞ്ചുറി നേടിയ വനിതാ താരമെന്ന ചരിത്ര നേട്ടം ഇന്ത്യയുടെ യസ്തിക ഭാട്ടിയ കരസ്ഥമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

**ഫിഫ**

ലോകകപ്പ് ഫുട്ബോൾ സെമി ഫൈനൽ മത്സരങ്ങൾക്ക് മറ്റന്നാൾ തുടക്കമാകും. ആദ്യ സെമിയിൽ ഫ്രാൻസ് - സ്പെയിനിനെ നേരിടും. വ്യാഴാഴ്ച നടക്കുന്ന സെമി പോരാട്ടത്തിൽ അർജന്റീന - ഇംഗ്ലണ്ടുമായി ഏറ്റുമുട്ടും. ഈ മാസം 20 നാണ് ഫൈനൽ. .

RIU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**ഓപ്പറേഷൻ തൂഫാൻ**

ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി വിദ്യാർത്ഥി -യുവജന സംഘടനകളുടെ യോഗം മറ്റന്നാൾ തിരുവനന്തപുരത്ത് ചേരും. ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല വിളിച്ചു ചേർക്കുന്ന യോഗത്തിൽ വിദ്യാഭ്യാസ മന്ത്രി എൻ ഷംസുദ്ധീൻ പങ്കെടുക്കും. ലഹരിയ്ക്കെതിരെയുള്ള പോരാട്ടത്തിൽ വിദ്യാർത്ഥി യുവജന സംഘടനകളുടെ

സജീവ പങ്കാളിത്തം ഉറപ്പ് വരുത്താനുള്ള ചർച്ചകൾ നടക്കും.

## ആർ.സുഗതൻ സത്യപ്രതിജ്ഞ

ഹൈകോടതി ഉത്തരവിനെ തുടർന്ന് , തിരുവനന്തപുരം കോർപറേഷനിലെ ബി.ജെ.പി കൗൺസിലർ ആർ.സുഗതൻെറ സത്യപ്രതിജ്ഞ വിയ്യൂർ സെൻട്രൽ ജയിലിൽ നടക്കും.

കാപ്പ കേസിൽ പ്രതിയായതിനാൽ ജയിലിൽ നിന്നും പുറത്തു വിടാനാകാത്ത സാഹചര്യമാണെന്നും ജയിലിൽ സത്യപ്രതിജ്ഞ നടത്താമെന്നും സർക്കാർ ഹൈകോടതിയിൽ

അറിയിച്ചതിനെത്തുടർന്നാണ് കോടതി ഉത്തരവ്. നാളെ രാവിലെ 11ന് ജയിൽ സൂപ്രണ്ടിൻെറ മുറിയിലാണ് സത്യപ്രതിജ്ഞ നടക്കുക.

RNU TVPM